**പതിമൂന്നാം കേരള നിയമസഭ**
**പതിന്നാലാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3311**

(14/07/2015-ൽ ബഹു ധനമന്ത്രി മറുപടി നൽകേണ്ടിയിരുന്നത്)

**സർക്കാർ സർവ്വീസിലെ തസ്തികകൾ സംബന്ധിച്ച പഠനം**

**ചോദ്യം**
**ശ്രീ. റ്റി.വി.രാജേഷ് എം.എൽ.എ**

**മറുപടി**
**ഡോ.ടി.എം.തോമസ് ഐസക്ക്**
**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ) | സർക്കാർ സർവ്വീസിൽ തസ്തികകൾ കുറയ്ക്കുന്നത് സംബന്ധിച്ച് ധനവകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ വകുപ്പുകളിൽ എത്ര തസ്തികകളാണ് കൂടുതലായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ ; | മന്ത്രിസഭാ തീരുമാനപ്രകാരം പുറപ്പെടുവിച്ച 19-9-2014-ലെ സ.ഉ.(പി)നം. 400/2014/ധന ഉത്തരവുപ്രകാരം വിവിധ വകുപ്പുകളിൽ കണ്ടെത്തിയ 30500 താൽക്കാലിക തസ്തികകളിൽ 25% നിർത്തലാക്കാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ വെളിച്ചത്തിൽ നടത്തിയ പഠന റിപ്പോർട്ട് മന്ത്രിസഭയുടെ പരിഗണനയ്ക്ക് വെയ്ക്കുകയും 15.02.2016- ലെ മന്ത്രിസഭായോഗം പ്രസ്തുത റിപ്പോർട്ട് പിൻവലിച്ച കൊണ്ട് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ? | കഴിഞ്ഞ സർക്കാർ അധികാരത്തിലേറിയ 2011 മെയ് മാസം മുതൽ 2015 വർഷത്തിൽ ചോദ്യം ഉന്നയിക്കുന്നതുവരെയുള്ള കാലയളവിൽ സർക്കാർ സർവ്വീസിൽ എത്ര തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട് എന്നതു സംബന്ധിച്ച് നടത്തിയ വിവരശേഖരണം പൂർത്തിയാക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിരുന്നില്ല . ധനകാര്യ വകുപ്പിൽ നിന്നും വിവിധ വകുപ്പുകൾക്ക് ഇത് സംബന്ധിച്ച വിവരശേഖരണത്തിനായി കത്തിടപാടുകൾ നടത്തിയിരുന്നു എങ്കിലും തൃപ്തികരമായ മറുപടി വകുപ്പുകളിൽ നിന്നും ലഭിച്ചിരുന്നില്ല. സെക്രട്ടേറിയറ്റിലെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇക്കാലയളവിൽ സെക്രട്ടേറിയറ്റിൽ തസ്തികകൾ ഒന്നും നിർത്തലാക്കിയിട്ടില്ല.ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ വകുപ്പുകളിൽ നിന്നും വിവരം ശേഖരിക്കുന്നതിന് ശ്രമിച്ചെങ്കിലും കാലവിളംബം ഉണ്ടായതുമൂലം ഫലപ്രാപ്തിയിൽ എത്താൻ സധിച്ചിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അധിക തസ്തികകൾ കണ്ടെത്താൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റി 30500 അധിക തസ്തികകൾ ഉണ്ടെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു .പ്രസ്തുത തസ്തികകളുടെ 25% നിർത്തലാക്കാനുള്ള നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിച്ചിരുന്നു . എന്നാൽ 15.02.2016- ലെ മന്ത്രിസഭായോഗം പ്രസ്തുത റിപ്പോർട്ട് പിൻവലിച്ച കൊണ്ട് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ